പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1770 06.03.2017-ലെ മറുപടിക്ക്

**നിലമ്പൂർ കെ.എസ്.ആർ.ടി.സി.ഡിപ്പോ**

ചോദ്യം
ശ്രീ. പി.വി. അൻവർ

ഉത്തരം
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. നിലമ്പൂർ ഡിപ്പോയിൽ കാലഹരണപ്പെട്ട എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | 12 വർഷത്തിനുമേൽ പഴക്കമുള്ള 5 ബസുകൾ നിലമ്പൂർ ഡിപ്പോയിൽ ഉണ്ട്. |
| (ബി) | പഴയ ബസ് മാറ്റി ആവശ്യമായ പുതിയ ബസ്സുകൾ അനുവദിക്കുമോ ; വിശദമാക്കാമോ; | (ബി) | നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ രണ്ട് ടേക്ക് ഓവർ സർവ്വീസ് ഉൾപ്പടെ 41 ആർ.ടി.സി ഷെഡ്യൂളുകളും, 5 ജൻറം ഷെഡ്യൂളുകളുമാണ് നിലവിലുള്ളത്. ടി ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനായി 50 ആർ.ടി.സി ബസുകളും 6 ജൻറം ബസുകൾ ഉൾപ്പടെ 56 ബസുകൾ നിലവിലുണ്ട്. ഇത്രയും ഷെഡ്യൂൾ ഓടിക്കുന്നതിന് സ്പെയർ ബസുകൾ ഉൾപ്പെടെ 51 ബസുകൾ മതിയാകും. 56 ബസുകളിൽ 5 ബസുകൾ 12 വർഷത്തിന് മേൽ പഴക്കമുള്ളവയാണ്. ഇവ ഉടനെ നിരത്തിൽ നിന്നും പിൻവലിക്കും. |
| (സി) | ഡിപ്പോയുടെ കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് തടസ്സമെന്താണെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലെ വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ പലിശ രഹിത മൂലധന നിക്ഷേപം സ്വീകരിച്ചുകൊണ്ട് ലേല നടപടി കൈകൊള്ളുവാനുള്ള നടപടികൾ നടന്നു വരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് കെട്ടിടം പണിയുടെ പൂർത്തീകരണം നടക്കുന്നതാണ്. |
| (ഡി) | നിലമ്പൂർ കെ.എസ്.ആർ.ടി.സി. യിൽ ഇന്റർ സ്റ്റേറ്റ് ബസുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾ അനുസരിച്ച് മാത്രമാണ് കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നത്. നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ നിലമ്പൂർ ഡിപ്പോയിൽ നിന്നും പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല. |

**സെക്ഷൻ ഓഫീസർ**